പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3369

11.05.2017 - ൽ മറുപടിക്ക്

## സഹകരണ അപെക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.യ്ക്ക് വിടാൻ നടപടി

ചോദ്യം

ശ്രീ.കെ. കൃഷ്ണൻകുട്ടി
,, സി.കെ.നാണു
,, എ. കെ. ശശീന്ദ്രൻ
,, കെ.ബി.ഗണേഷ് കുമാർ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സഹകരണ അപെക്സ് സ്ഥാപനങ്ങളുണ്ട്; ഇതിൽ എത്ര സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി.യ്ക്ക് വിട്ടിട്ടുള്ളത്; നിലവിൽ നിയമനം പി.എസ്.സി.യ്ക്ക് വിട്ട സ്ഥാപനങ്ങളും വിടാത്ത സ്ഥാപനങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടാത്ത സ്ഥാപനങ്ങളിലെ നിയമനങ്ങളുടെ മാനദണ്ഡം എന്താണ്; ഇത് ശ്രദ്ധയിൽപ്പെട്ട ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | അറിയിക്കാം. സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ 11 അപ്പക്സ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്, എസ്.സി/എസ്.റ്റി ഫെഡറേഷൻ, ഹൗസ്ഫെഡ്, കൺസ്യൂമർഫെഡ്, റബ്ബർ മാർക്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, മാർക്കറ്റ് ഫെഡ്, തുടങ്ങിയ 7 സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സിയ്ക്ക് വിട്ടവയാണ്. വനിതാ ഫെഡ്, ടൂർഫെഡ്, ഹോസ്പിറ്റൽഫെഡ്, ലേബർഫെഡ്, തുടങ്ങിയ 4 സ്ഥാപനങ്ങളുടെ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിട്ടിട്ടില്ല. ടി സ്ഥാപനങ്ങളിൽ കേരള സഹകരണ നിയമം 1969-ലെ ചട്ട വ്യവസ്ഥകൾക്ക് വിധേയമായി പുറപ്പെടുവിച്ചിട്ടുള്ള രജിസ്ട്രാറുടെ 07.06.1991-ലെ 18/91 സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് നിയമനങ്ങൾ നടത്തി വരുന്നു. നിയമനങ്ങൾ പി.എസ്.സിയ്ക്ക് |

| | | | |
|---|---|---|---|
| | | | വിടാത്ത സ്ഥാപനങ്ങളെ കേരള സഹകരണ നിയമം 80(3)(എ)-യിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അപെക്സ് സഹകരണ സ്ഥാപനങ്ങളിലെ എല്ലാ തസ്തികകളിലെയും നിയമനം പി.എസ്.സി.യ്ക്ക് വിടാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ബി) | വ്യക്തമാക്കാം.<br>സഹകരണ നിയമം 1969-ലെ വകുപ്പ് 80(3) (എ)യിലെ ഷെഡ്യൂളിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിലെ നിയമനം പി.സ്.സി മുഖാന്തിരമാണ്. ഈ സ്ഥാപനങ്ങളെ ഷെഡ്യൂളിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**